**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1621** **01-02-2024 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | ജലസേചന വകുപ്പിൽ നിന്നും പുരാവസ്തു വകുപ്പിലേക്ക് കൈമാറിക്കിട്ടിയ ചാലക്കുടിയിലെ ജലസേചന വകുപ്പിന്റെ മെക്കാനിക്കൽ സബ്ഡിവിഷന്റെ പഴയ വർക്ക് ഷോപ്പ് നിർമ്മിതിയിലാണ് ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നത്. ടി കെട്ടിടത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ നിലവിൽ നടന്നു വരുന്നു. ആയതു 80% ത്തോളം പൂർത്തിയായി. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ? | (ബി) | മേൽ സംരക്ഷണ പ്രവൃത്തി 2024 മാർച്ച് മാസത്തോടെ പൂർത്തീകരിച്ച ശേഷം മ്യൂസിയം ഗ്യാലറികളുടെ സജ്ജീകരണം ആരംഭിക്കുന്നതാണ്. 2024 ഡിസംബർ മാസത്തോടെ മ്യൂസിയം സജ്ജീകരണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ